പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1292 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു<br>,, ജോസ് തെറ്റയിൽ<br>,, മാത്യൂ റ്റി. തോമസ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡ് പുതുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ സർക്കാർ എന്നാണ് ക്ഷണിച്ചത്; | (എ) | 01.01..2015 |
| (ബി) | അത് സംബന്ധിച്ച് എത്ര അപേക്ഷ കളാണ് ലഭിച്ചിട്ടുള്ളത് ; | (ബി) | 80,14,016 |
| (സി) | അവയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (സി) | ആദ്യ ഘട്ടത്തിൽ ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ ഫോട്ടോ എടുക്കുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അപേക്ഷാ ഫോറങ്ങളിൽ കാർഡുടമകൾ നൽകിയ വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്തു. ഡേറ്റാ എൻട്രി നേരിട്ട് പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്താനും ഓൺ ലൈനായും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും കാർഡുടമകൾക്ക് അവസരം നൽകി. സമയബന്ധിതമായി തെറ്റ് തിരുത്തൽ ഡേറ്റാഎൻട്രിയും പൂർത്തീകരിച്ചു. എൻ.ഐ.സി. വികസിപ്പിച്ചിട്ടുള്ള റാങ്കിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഗുണഭോക്താക്കളെ റാങ്ക് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. കരട് മുൻഗണനാ/മുൻഗണനേതര പട്ടിക ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) | പുതുക്കിയ റേഷൻ കാർഡുകൾ എന്നേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | | മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ